പ്രതികരണം

# മഴവിൽ സമൂഹവും ഇസ്‌ലാമിക പ്രസ്ഥാനവും

ടി. മുഹമ്മദ് വേളം

(‘മഴവിൽ ലോകത്തെ ഇസ്‌ലാം’ എന്ന പ്രഭാഷണത്തിൽ (ലക്കം 5) സി. ദാവൂദ് പ്രകടിപ്പിച്ച അഭിപ്രായങ്ങളോടുള്ള പ്രതികരണം. വായനക്കാർക്കും ഈ സംവാദത്തിൽ പങ്കുചേരാം)

**മഴവിൽ** സമൂഹങ്ങളോട് സംസാരിക്കാൻ കഴിയാത്ത, ഒരു മഴവിൽ സമൂഹത്തിനു നേതൃത്വം നൽകാൻ പ്രാപ്തിയില്ലാത്ത ഒരു സാമൂഹികപ്രസ്ഥാനത്തിനും ചരിത്രത്തെ ഏറെ കാലം നയിക്കാൻ കഴിയില്ല. കാരണം ചരിത്രത്തിന്റെ ബലതന്ത്രവും വ്യാകരണവും ബഹുസ്വരതയാണ്.

ദാവൂദ് സൂചിപ്പിച്ചതുപോലെ, വൈവിധ്യങ്ങളോട് സഹവർത്തിക്കാനുള്ള ക്ഷമത ഏറെ അധികമുള്ള ഇസ്‌ലാം ചരിത്രത്തിൽ പലവട്ടം ഇത് തെളിയിച്ചിട്ടുണ്ട്. പ്രവാചകൻ സ്ഥാപിച്ച മദീനാ നഗരരാഷ്ട്രം ഇതിന്റെ ഒളിമങ്ങാത്ത ഉദാഹരണമാണ്.

ഇസ്‌ലാം അതിന്റെ ഏറ്റവും വലിയ ആദർശ അപരമായി കാണുന്നത് ശിർക്ക് അഥവാ ദൈവത്തിൽ പങ്കുചേർക്കലിനെയാണ്. ‘ദൈവം ഏത് പാപവും പൊറുക്കും; ശിർക്കൊഴികെ’ എന്ന് ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. ഈ വിയോജിപ്പും സംവാദവും ദൈവശാസ്ത്രപരവും ദാർശനികവുമായ മണ്ഡലത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ പ്രായോഗികമായും രാഷ്ട്രീയമായും അവരെയെല്ലാം ഇസ്‌ലാമിക സാമൂഹിക ക്രമത്തിനകത്ത് ചേർത്തുവെക്കുകയാണ് ഇസ്‌ലാം ചെയ്തത്.

**എല്ലാ വൈരുധ്യവും അവസാനിപ്പിക്കുകയല്ല, നിലനിർത്തേണ്ടവയെ നിലനിർത്തിക്കൊണ്ടുതന്നെ പ്രായോഗികമായി സമന്വയിപ്പിക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. അങ്ങനെയാണ് ഇസ്‌ലാം മറ്റു മതസ്ഥരുടെ ആരാധനാലയങ്ങളോട് ദാർശനികമായി വിയോജിക്കുകയും പ്രായോഗികമായി അവയെ സംരക്ഷിക്കുകയും ചെയ്യുന്ന ആദർശ രാഷ്ട്രീയ പ്രസ്ഥാനമായത്.**

വൈരുധ്യങ്ങളുടെ മനോഹരമായ സമന്വയം എന്നതാണ് ഇസ്‌ലാമിന്റെ ഒരു സവിശേഷത. എല്ലാ വൈരുധ്യങ്ങളും അവസാനിപ്പിക്കുക എന്നതല്ല, ഇനി മുതൽ ശിർക്കും തൗഹീദുമില്ല നാം ഒരൊറ്റ ആദർശ സമൂഹമാണെന്നു പ്രഖ്യാപിക്കുകയുമല്ല, വൈരുധ്യങ്ങളെ സംഘട്ടനങ്ങളാവാതെ സഹവർത്തിത്വത്തിലാക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്.

ദാർശനികവും ദൈവശാസ്ത്രപരവുമായ ഭിന്നതകളെ പ്രായോഗികതലത്തിൽ സംഘട്ടനമാവാതെ, ദാർശനിക സംവാദങ്ങളാക്കി നിലനിർത്തുകയാണ് അത് ചെയ്തത്. സംവാദങ്ങൾക്ക് അവധി പ്രഖ്യാപിക്കാത്ത സഹവർത്തിത്വത്തിന്റെ രാജപാതയാണത്. ഇത് വൈരുധ്യമല്ലേ എന്നു ചോദിച്ചേക്കാം. എല്ലാ വൈരുധ്യവും അവസാനിപ്പിക്കുകയല്ല, നിലനിർത്തേണ്ടവയെ നിലനിർത്തിക്കൊണ്ടുതന്നെ പ്രായോഗികമായി സമന്വയിപ്പിക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. അങ്ങനെയാണ് ഇസ്‌ലാം മറ്റു മതസ്ഥരുടെ ആരാധനാലയങ്ങളോട് ദാർശനികമായി വിയോജിക്കുകയും പ്രായോഗികമായി അവയെ സംര

ക്ഷിക്കുകയും ചെയ്യുന്ന ആദർശ രാഷ്ട്രീയ പ്രസ്ഥാനമായത്.

"ഹിജ്റ 171ൽ ഹാറൂൻ റശീദിന്റെ കാലത്ത് ഈജിപ്തിലെ ഗവർണറായിരുന്നു മൂസബ്നു ഈസാ. തദവസരം പൊളിഞ്ഞു വീണ ക്രിസ്ത്യൻ ദേവാലയങ്ങൾ ഭരണകൂടം പണിതുകൊടുക്കണോ എന്നതിനെക്കുറിച്ച് അദ്ദേഹം പണ്ഡിതന്മാരോട് മതവിധി അന്വേഷിച്ചു. അക്കാലഘട്ടത്തിലെ പ്രഗത്ഭ പണ്ഡിതന്മാരായ ലൈസുബ്നു സഅ്ദ്, അബ്ദുല്ലാഹ്ബ്നു ലഹീഅ(റ) എന്നിവർ ഗവൺമെന്റ് പണിതുകൊടുക്കണമെന്ന് പരസ്യമായി ഫത്‌വ നൽകി" (*ഇസ്‌ലാമിൽ കരാറുകളുടെ പ്രാധാന്യം*, മൗലാനാ അബ്ദുല്ലാഹിൽ മഅ്റൂഫി).

**മനുഷ്യരെ നാമാഗ്രഹിക്കുന്ന സ്വരൂപത്തിലേക്ക് പരിവർത്തിപ്പിക്കാൻ ശ്രമിക്കുക എന്നതുമാത്രമല്ല ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പരിപാടി. മനുഷ്യരെ മറ്റുള്ളവർക്ക് ദോഷകരമാവാത്തേടത്തോളം അവരാഗ്രഹിക്കുന്നവിധം ജീവിക്കാൻ സഹായിക്കുക എന്നതു കൂടിയാണ്. ഇസ്‌ലാമിക സാമൂഹിക രാഷ്ട്രീയ മുഖം കൂടുതൽ വ്യാപൃതമാവേണ്ടത് രണ്ടാമത് പറഞ്ഞ മണ്ഡലത്തിലാണ്.**

ചരിത്രത്തിൽ ഇസ്‌ലാം ഒരു മതം മാത്രമായി വെട്ടിച്ചുരുക്കപ്പെട്ടതോടെയാണ് ഇസ്‌ലാമിന്റെ ബഹുസ്വരഭാവങ്ങൾ ക്ലാവു പിടിച്ചുപോയത്. അമ്പല സംരക്ഷണ പ്രസ്ഥാനവും ചർച്ച് സംരക്ഷണ പ്രസ്ഥാനവുമായ ഇസ്‌ലാം പിന്നീട് വെറും പള്ളി പരിപാലന കമ്മിറ്റിയായി ജീർണിച്ചത്.

മനുഷ്യരുടെ ഭൂമിയിലെ നല്ലജീവിതം ഇസ്‌ലാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ്. ഇസ്‌ലാമിന്റെ സുപ്രധാനമായ ഒരു മുഖമാണത്. മറ്റുള്ളവർക്ക് ദോഷം ചെയ്യാത്തവിധം അവനവൻ തീരുമാനിക്കുന്നതാണ് അവന്റെ നല്ലജീവിതം. നമ്മുടെ നന്മകൾ അന്യരുടെ മേൽ അടിച്ചേൽപിക്കുകയല്ല, മറ്റുള്ളവർക്ക് ദോഷം ചെയ്യാത്ത അവരുടെ നന്മകളെ, സ്വാതന്ത്ര്യങ്ങളെ സംരക്ഷിക്കുകയാണ് ചരിത്രത്തിൽ ഇസ്‌ലാം ചെയ്തത്. ബഹുദൈവത്വത്തോടും ബഹുദൈവ സമൂഹങ്ങളുടെ സംസ്‌കാരത്തോടും ഇസ്‌ലാമിക ഭരണകൂടങ്ങൾ പുലർത്തിയ സമീപനം അതാണ് തെളിയിക്കുന്നത്.

മനുഷ്യരെ നാമാഗ്രഹിക്കുന്ന സ്വരൂപത്തിലേക്ക് പരിവർത്തിപ്പിക്കാൻ ശ്രമിക്കുക എന്നതുമാത്രമല്ല ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പരിപാടി. മനുഷ്യരെ മറ്റുള്ളവർക്ക് ദോഷകരമാവാത്തേടത്തോളം അവരാഗ്രഹിക്കുന്നവിധം ജീവിക്കാൻ സഹായിക്കുക എന്നതു കൂടിയാണ്. ഇസ്‌ലാമിക സാമൂഹിക രാഷ്ട്രീയ മുഖം കൂടുതൽ വ്യാപൃതമാവേണ്ടത് രണ്ടാമത് പറഞ്ഞ മണ്ഡലത്തിലാണ്. അങ്ങനെയാണ് ഇസ്‌ലാം ചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ പ്രസ്ഥാനമായത്.

ആദർശപരമോ സ്വത്വപരമോ ആയ അപരനോടുള്ള നിങ്ങളുടെ നിലപാടെന്ത് എന്നത് ജനാധിപത്യപരമായി നിർണായകമാണ്. ആധുനികത പൊതുവിലും കമ്യൂണിസം പ്രത്യേകിച്ചും എതിരാളി ഏതോ വിധത്തിൽ ഉന്മൂലനം ചെയ്യപ്പെടേണ്ടതാണെന്നു വിശ്വസിച്ചു. എന്നാൽ എതിർപക്ഷം ഉന്മൂലനം ചെയ്യപ്പെടേണ്ടതല്ല സഹവർത്തിക്കപ്പെടേണ്ടതാണ് എന്നതാണ് ഇസ്‌ലാമിന്റെ സമീപനം. എതിരാളിക്കുകൂടി സ്ഥാനമുള്ള സാമൂഹികക്രമം കമ്യൂണിസ്റ്റ് ആദർശഭാവനയിൽ ഇടമില്ലാത്ത ഒന്നാണ്. അതുകൊണ്ടാണ് ബഹുകക്ഷി ജനാധിപത്യവ്യവസ്ഥയിൽ അവർക്ക് ക്രിയാത്മകമായി ഇടപെടാൻ കഴിയാത്തത്. തങ്ങളുടെ സ്വാധീനമേഖലകളെ പാർട്ടി ഗ്രാമങ്ങളാക്കി നിലനിർത്താൻ ശ്രമിക്കുന്നത്.

ഇസ്‌ലാം വിഭാവന ചെയ്യുന്ന ജനാധിപത്യക്രമം ഏകകക്ഷി വ്യവസ്ഥയാണെന്ന തെറ്റായ ധാരണ നിലനിൽക്കുന്നുണ്ട്. മദീനാ സ്റ്റേറ്റ് മുതൽ അലി(റ) വരെയുള്ള ഉത്തമ മാതൃകകൾ ഇതിനെതിരായ സന്ദേശമാണ് നൽകുന്നത്. ഖവാരിജുകൾ അലി(റ)ക്കെതിരെ കലാപക്കൊടി ഉയർത്തിയപ്പോൾ ഒരു പ്രതിപക്ഷമായി അലി(റ) അവരെ അംഗീകരിക്കുകയായിരുന്നു. നിങ്ങൾ നിയമം കയ്യിലെടുക്കാത്തേടത്തോളം നിങ്ങൾക്കെതിരായി ഒരു നടപടിയുമില്ല എന്നതായിരുന്നു അവരോടുള്ള അലി(റ)യുടെ നിലപാട്.

അതുകൊണ്ട് തന്നെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഒരു ബഹുകക്ഷി ജനാധിപത്യത്തിൽ ക്രിയാത്മക പങ്കാളിത്തം വഹിക്കാൻ പ്രയാസങ്ങളൊന്നും ഉണ്ടാവുകയില്ല. ജമാഅത്തെ ഇസ്‌ലാമി ജനങ്ങളോടു മാത്രമല്ല വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളോടും സംസാരിക്കുന്ന പ്രസ്ഥാനമാണ്. അവരുടെ അടിത്തറകൾ മാനിച്ചുകൊണ്ടു തന്നെയാണ് ജമാഅത്ത് അവരോട് സംസാരിക്കാറുള്ളത്. അല്ലെങ്കിൽ അവരോട് സംസാരിക്കുന്നു എന്നതിന്റെ തന്നെ അർഥം അവരുടെ അസ്തിത്വത്തെ സംഘടന അംഗീകരിക്കുന്നു എന്നാണ്. അവരുമായുള്ള താത്ത്വിക വിയോജിപ്പുകൾ നിലനിർത്തിക്കൊണ്ടുതന്നെ അവരെ ഏറ്റവും ജനാധിപത്യപരമായി അംഗീകരിക്കുകയാണ് ഇസ്‌ലാമികപ്രസ്ഥാനം ചെയ്യുന്നത്.

ഇസ്‌ലാമിക പ്രസ്ഥാനം അതിന്റെ ആദർശപരമായ പ്രചോദനത്താൽ സ്വീകരിക്കുന്ന ഈ ജനാധിപത്യസമീപനം അതിനോട് തിരിച്ചുപ്രകടിപ്പിക്കാൻ നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് സാധിക്കാറില്ല. കാരണം പാശ്ചാത്യ മതേതര ആധുനികതയിലധിഷ്ഠിതമാണ് നമ്മുടെ രാഷ്ട്രീയ പാർട്ടികൾ. അതിനോട് താത്ത്വികമായി വിയോജിപ്പുകളുള്ള ജമാഅത്തിനെക്കൂടി ഉൾക്കൊള്ളാൻ മാത്രം ബഹുസ്വരമല്ല അവരുടെ ദാർശനിക കാഴ്ചപ്പാട്. കാരണം ചരിത്രം കണ്ട ഏറ്റവും ഏകശിലാത്മകമായ സാമൂഹിക വീക്ഷണമാണ് മതേതര ആധുനികത. അതിന്റെ താത്ത്വിക പ്രതിപക്ഷത്തെ ഒരിക്കലും സഹിക്കാൻ ഒരുക്കമല്ലാത്ത ഒന്നാണത്. അതുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാമ്പയിൻ കാലത്ത് രമേശ് ചെന്നിത്തല ജമാഅത്ത് നേതാക്കളുമായി ചർച്ച നടത്തി, വാർത്ത പുറത്തറിഞ്ഞപ്പോൾ അത് നിഷേധിച്ചത്. ജമാഅത്തെ ഇസ്‌ലാമിയുടെ അസ്തിത്വം അംഗീകരിക്കുന്നതിലേക്ക് കോൺഗ്രസ് ഇനിയും വളർന്നില്ലെന്നർഥം.

വ്യത്യസ്ത വംശ-ജാതി-സ്വത്വങ്ങളോടും പ്രസ്ഥാനത്തിനുണ്ടാവേണ്ട സമീപനം ഈ ഉദാരതയുടേതാണ്. ജാതിയും വംശവുമില്ലാത്ത സമനിരപ്പായ ആധുനിക മനുഷ്യനെ സൃഷ്ടിക്കാൻ ശ്രമിച്ചിട്ട് എന്താണുണ്ടായത് എന്നചോദ്യം ഇന്ന് ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ട്. ജാതിമേധാവിത്വം നിലനിൽക്കുന്നേടത്ത് ജാതി ചോദിക്കാതിരിക്കുന്നതിന്റെ ഗുണഫലം ലഭിക്കുക വരേണ്യജാതിക്കാരനാണ്. നമ്മുടെ ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ ഭൂരിഭാഗവും ആരാണ് എന്നതിന് രണ്ടുത്തരം പറയാം. ഒന്ന്, അവർ മനുഷ്യരാണ്/ ഇവിടുത്തെ പൗരന്മാരാണ്/മലയാളികളാണ്/അഭ്യസ്തവിദ്യരാണ്. രണ്ടാമത്തെ ഉത്തരം, അവർ സവർണരാണെന്നതാണ്. ഒന്നാമത്തെ ഉത്തരം പറയുന്നേടത്തോളം കാലം നമ്മുടെ ബ്യൂറോക്രസിയുടെ മേൽജാതിമേധാവിത്വം തുടരുകയായിരിക്കും ചെയ്യുക. നമ്മുടെ സാമൂഹികഘ

ടനയുടെ ജാതിയേത് എന്ന് ചോദിക്കാൻ അംബേദ്കർക്ക് സാധിച്ചതുകൊണ്ടാണ് നമ്മുടെ ഭരണഘടനയിൽ സാമൂഹികനീതിയുടെ ഊന്നുവടിയായ സംവരണമുണ്ടായത്.

വൈവിധ്യം ഒരു കാൽപനിക സങ്കൽപമല്ല. പരുപരുത്ത ഒരു രാഷ്ട്രീയപ്രശ്നമാണ്. അവകാശം നിഷേധിക്കുന്ന സാമൂഹികഗണങ്ങൾക്കെതിരെ അവകാശം ഹനിക്കപ്പെടുന്ന വിഭാഗങ്ങൾക്കൊപ്പം നിൽക്കുക എന്നതാണ് ബഹുസ്വരതയുടെ സമകാലികരാഷ്ട്രീയം. എല്ലാതരം ജാതി-മത-പ്രാദേശിക സ്വത്വങ്ങൾക്കും സവിശേഷവും വിവേചനരഹിതവുമായ നിലനിൽപ്പിന്നധികാരമുണ്ട് എന്നതാണ് ഈ രാഷ്ട്രീയസമരത്തിന്റെ അടിത്തറ. ബഹുസ്വരത ചരിത്രനിരപേക്ഷമായും അരാഷ്ട്രീയമായുമല്ല, ചരിത്രപരമായും രാഷ്ട്രീയമായുമാണ് മനസ്സിലാക്കപ്പെടേണ്ടത്.

നീതിക്കുവേണ്ടി നിലകൊള്ളുകയും അല്ലാഹുവിനു സാക്ഷിയാവുകയും ചെയ്യുക എന്നതാണ് മുസ്‌ലിം ഉമ്മത്തിന്റെ ദൗത്യം. നീതി എന്നത് കേവലമോ അമൂർത്തമോ അരാഷ്ട്രീയമോ അല്ല. ചരിത്രപ്രക്രിയക്കിടയിൽ, അതിന്റെ വൈരുധ്യങ്ങളിൽ, അത് പരിഹരിക്കാനുള്ള സമരങ്ങൾക്കിടയിൽവെച്ചാണ് നാം നീതിക്ക് സാക്ഷികളാവേണ്ടത്. ചരിത്രവൽക്കരിക്കപ്പെടാത്തതും അരാഷ്ട്രീയവുമായ നീതിസങ്കൽപം മർദകന്റെ കൈയിലെ മൂർച്ചയുള്ള ഒരുപകരണം മാത്രമാണ്. എല്ലാ സംവരണവിരുദ്ധരും നീതിയെക്കുറിച്ചും സമത്വത്തെക്കുറിച്ചുമാണ് സംസാരിക്കാറുള്ളത് എന്നത് നാം മറക്കാൻ പാടില്ലാത്തതാണ്.

എന്നാൽ താഴ്ന്ന ജാതിക്കാരന് മാത്രമല്ല മറ്റു ജാതിക്കാർക്കും സംഘടിക്കാനും സ്വത്വപ്രകാശനത്തിനും അവകാശമുണ്ടെന്നത് മർദിതപക്ഷരാഷ്ട്രീയം മറന്നുപോകാൻ പാടില്ലാത്ത തത്ത്വമാണ്. ജാതിയോടും വംശത്തോടുമൊക്കെ കുറേക്കൂടി സത്യസന്ധമായ സമീപനം നമ്മുടെ സമൂഹത്തിൽ വളർന്നുവരേണ്ടതുണ്ട്. രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല ജാതി-മത-സമുദായ സംഘടനകളും നമ്മുടെ ജനാധിപത്യക്രമത്തിന്റെ ഭാഗമാണ്. രാഷ്ട്രീയപാർട്ടികൾ മാത്രം പങ്കുവഹിക്കുന്ന ഒന്നല്ല സമുദായ സംഘടനകളും സമൂഹിക സംഘടനകളും സമ്മർദ ഗ്രൂപ്പുകളായും മറ്റും അതിൽ പങ്കുചേരും.

രാഷ്ട്രീയ പാർട്ടികൾ ഉൾപ്പെടുന്ന രാഷ്ട്രീയ സമൂഹവും (Political Society) കക്ഷിരാഷ്ട്രീയേതര സംഘടനകൾ ഉൾക്കൊള്ളുന്ന പൗരസമൂഹവും (Civil Society) ചേർന്നതാണ് ആധുനിക ജനാധിപത്യം. തെരഞ്ഞെടുപ്പ് കാലത്ത് ജാതി-മത ശക്തികൾ രാഷ്ട്രീയത്തിൽ ഇടപെടുന്നു എന്ന പരാതിയും പ്രതിഷേധവും വ്യാപകമായി കേൾക്കാറുണ്ട്. രാഷ്ട്രീയ സമൂഹവും പൗരസമൂഹവും ഏറ്റവും അടുത്തുനിന്നു സംസാരിക്കുന്ന കാലമാണ് തെരഞ്ഞെടുപ്പ് കാലം. എന്നല്ല, രാഷ്ട്രീയ സമൂഹത്തിനു മേൽ സിവിൽ സമൂഹത്തിന് മേധാവിത്വം കൈവരുന്ന കാലം കൂടിയാണത്. ജാതി-മത സംഘടനകൾ ഇടപെടുന്നു എന്നു പരാതിപ്പെടുന്നതിനുപകരം ഇടപെടാനുള്ള അവരുടെ അവകാശത്തെ ബഹുമാനപൂർവം അംഗീകരിക്കാനും അതിലെ ശരിതെറ്റുകളെ, പുരോഗമന പിന്തിരിപ്പൻ

**അവകാശം നിഷേധിക്കുന്ന സാമൂഹികഗണങ്ങൾക്കെതിരെ അവകാശം ഹനിക്കപ്പെടുന്ന വിഭാഗങ്ങൾക്കൊപ്പം നിൽക്കുക എന്നതാണ് ബഹുസ്വരതയുടെ സമകാലികരാഷ്ട്രീയം. എല്ലാതരം ജാതി-മത-പ്രാദേശിക സ്വത്വങ്ങൾക്കും സവിശേഷവും വിവേചനരഹിതവുമായ നിലനിൽപ്പിന്നധികാരമുണ്ട് എന്നതാണ് ഈ രാഷ്ട്രീയസമരത്തിന്റെ അടിത്തറ.**

നിലപാടുകളെ വിവേചിക്കാനുമാണ് ഒരു വികസിത ജനാധിപത്യസമൂഹം ശ്രമിക്കേണ്ടത്.

പ്രവാചകന്റെ മദീനാ ചാർട്ടർ ജൂത-ക്രൈസ്തവബഹുദൈവ മതവിഭാഗങ്ങളുമായുള്ള കരാർ എന്നതിനൊപ്പം ആ മതവിഭാഗങ്ങൾ ഉൾപ്പെടുന്ന വ്യത്യസ്ത ഗോത്രങ്ങളുമായുള്ള കരാർ കൂടിയായിരുന്നു. വംശങ്ങളെ നിരോധിക്കാനല്ല ചരിത്രത്തിലൊരിക്കലും ഇസ്‌ലാം ശ്രമിച്ചത്, അവയോട് ഏറ്റവും മാന്യമായി പെരുമാറാനാണ്. വംശത്തെയും ജാതിയെയുമൊക്കെ അദൃശ്യവൽക്കരിക്കുന്നതിനു പകരം അവയെ പകൽവെളിച്ചത്തിൽ കൊണ്ടുവന്നു നിർത്തുക എന്നതാണ് നമ്മുടെ ജാതി വിവേചനങ്ങളും പ്രശ്നങ്ങളും പരിഹരിക്കാനുള്ള വഴി. അദൃശ്യമായ ജാതി മേൽജാതി വരേണ്യതയുടെ ഒളിത്താവളമാണ്.

ബഹുസ്വരതയുടെ സാക്ഷാത്കാരമെന്നത് സമരോത്സുകമായ ഒരു സാമൂഹിക പ്രക്രിയയാണ്. കീഴാളപക്ഷ പ്രസ്ഥാനങ്ങൾ യഥാർഥത്തിൽ ശ്രമിക്കുന്നത് ബഹുസ്വരതയുടെ പുലർച്ചക്കു വേണ്ടിയാണ്. കമ്യൂണിസ്റ്റ്-നക്സലൈറ്റ് രാഷ്ട്രീയത്തിൽ നിന്നും ദലിത് മർദിത നവരാഷ്ട്രീയം വ്യത്യസ്തമാകുന്നത് അത് എതിരാളിയുടെ ഉന്മൂലനമല്ല ലക്ഷ്യം വെക്കുന്നത് എന്നേടത്താണ്. എതിരാളിയുമായി ഏത് സഹവർത്തിത്വത്തിനും അത് സന്നദ്ധമാണ്. എന്നല്ല അതാണ് ഇത്തരം നവരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രഖ്യാപിതലക്ഷ്യം. എന്നാൽ ഇതേ തുല്യതയുള്ള, അവകാശങ്ങളുള്ള സഹവർത്തിത്വം അത് മറ്റുള്ളവരിൽ നിന്നാവശ്യപ്പെടുകയും ചെയ്യുന്നു. ഈ ആവശ്യപ്പെടൽ വളരെ ശാന്തമായ സമൂഹിക പ്രവർത്തനമല്ല. അത് അതിതീക്ഷ്ണമായ പ്രക്ഷോഭമാണ്. കാരണം അന്യായമായി അധികാരങ്ങൾ കൈയടക്കിവെച്ചവർ അത് വിട്ടുകൊടുക്കാൻ ഒരുക്കമില്ലാത്തതാണ് നമ്മുടെ സാമൂഹിക സാഹചര്യം.

മഴവിൽ രാഷ്ട്രീയം തന്നെയാണ് ലോകവ്യാപകമായുള്ള സാമ്രാജ്യത്വവിരുദ്ധ സമരങ്ങളും ഉന്നയിക്കുന്നത്. അമേരിക്ക നശിപ്പിക്കപ്പെടണമെന്നതല്ല സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങളുടെ ടാർഗറ്റ്. സാമ്രാജ്യത്തവിരുദ്ധ പ്രക്ഷോഭങ്ങൾക്ക് എന്താണ് അമേരിക്കയോട് പറയാനുള്ളത് എന്നുചോദിച്ചാൽ അമേരിക്ക ലോകത്തെ ഒരുപാടു ദേശരാഷ്ട്രങ്ങളിൽ ഒരു ദേശരാഷ്ട്രം എന്ന സ്വാഭാവിക പദവിയിലേക്കിറങ്ങിവരണമെന്നാണ്. മറ്റു രാഷ്ട്രങ്ങളുടെ തത്തുല്യമായ വ്യക്തിത്വത്തെ അംഗീകരിക്കണമെന്നാണ്. സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയം ബഹുസ്വരതക്കു വേണ്ടിയുള്ള രാഷ്ട്രീയമാണ്. സാമ്രാജ്യത്വത്തിനെതിരായ സമരങ്ങളുടെ രചനാത്മകതലം അത് വൈവിധ്യങ്ങൾക്കുവേണ്ടിയുള്ള സമരമാണെന്നതാണ്. അതുകൊണ്ടാണ് അമേരിക്ക കമ്യൂണിസ്റ്റാനന്തരലോകം നാഗരികതകളുടെ സംഘർഷത്തിന്റെതാണെന്നു പ്രഖ്യാപിച്ചപ്പോൾ സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ മുന്നണിപ്പോരാളി രാഷ്ട്രമായ ഇറാൻ നാഗരികതകളുടെ സംഘർഷമല്ല. നാഗരികതകളുടെ സംവാദമാണ് പുതിയ ലോകത്തെ നിർണയിക്കേണ്ടത് എന്ന് പ്രതികരിച്ചത്. അമേരിക്കയെ ഇല്ലാതാക്കൽ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങളുടെയോ, സവർണ ജാതി സ്വത്വത്തെ ഇല്ലാതാക്കൽ ദലിത് പ്രസ്ഥാനങ്ങളുടെയോ ഉന്നമല്ലെന്ന് ചുരുക്കം. കെട്ടിയേൽപിക്കപ്പെട്ട മേൽക്കോയ്മകളെ തകർക്കുക,

ബഹുസ്വരതയെ സാക്ഷാത്കരിക്കുക എന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളും സാമ്രാജ്യത്വവിരുദ്ധ സമരങ്ങളും മർദിതപക്ഷ രാഷ്ട്രീയവും ഉൾക്കൊള്ളുന്ന ആഗോളപ്രതിപക്ഷത്തിന്റെ പ്രകടനപത്രിക. ബുഷും ഒബാമക്കുമിടയിലെ വ്യത്യാസം, അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ അതിന്റെ പ്രതിപക്ഷമുയർത്തിയ പ്രകടനപത്രിക വായിക്കാനും അതിനോട് സംസാരിക്കാനുമെങ്കിലും ഒബാമക്ക് സാധിക്കുന്നു എന്നതാണ്. ഒബാമയുടെ കെയ്റോ പ്രസംഗത്തിന്റെ സവിശേഷതയും സൗന്ദര്യവും അത് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ എതിർപക്ഷം ഇത്രയുംകാലം ഉയർത്തിയ പ്രതിഭാഷയിൽ സംസാരിച്ചു എന്നതാണ്. അതിനെ എത്ര അളവിൽ അമേരിക്ക സഫലമാക്കാൻ പോവുന്നു എന്നതാണ് ഒബാമ സ്പീച്ചിന്റെ കേവല സൗന്ദര്യത്തിനപ്പുറമുള്ള രാഷ്ട്രീയ പ്രശ്നം.

രാഷ്ട്രങ്ങളുടെയും വംശഗണങ്ങളുടെയും ഉപദേശീയതകളുടെയും മാത്രമല്ല വ്യക്തികളുടെയും അവകാശങ്ങളുടെ പക്ഷത്താണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിലയുറപ്പിക്കുന്നത്. അന്യർക്ക് ദോഷകരമാവാത്തതും സമൂഹത്തിന്റെ പൊതുവായ സദാചാരപരമായ നിലനിൽപ്പിനെ അപകടപ്പെടുത്താത്തതുമായ വ്യക്തികളുടെ മുഴുവൻ സ്വത്വപ്രകാശനാവസരത്തിനും വേണ്ടി ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിലയുറപ്പിക്കും. അതിനെ ഏറ്റവുമധികം കയ്യേറാൻ ശ്രമിക്കുന്നത് ഭരണകൂടങ്ങളാണ്. ലോകവ്യാപകമായി ഭരണകൂടങ്ങളുടെ പൗരാവകാശലംഘനങ്ങൾക്കെതിരെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ശബ്ദിക്കാൻ കാരണം വ്യക്തിയുടെ മൗലികാവകാശങ്ങളെ ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്നു എന്നതുകൊണ്ടാണ്. ഇസ്‌ലാമിൽ നിന്ന് മതം മാറിയവനെ കൊല്ലണോ വേണ്ടേ എന്ന കർമശാസ്ത്ര ചർച്ചക്കപ്പുറം അവരുടെ മതം മാറാനുള്ള അവകാശത്തിന്റെ പക്ഷത്തുനിൽക്കാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സാധിക്കണം. ■